(ബി) പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ എന്നീ നാല് പ്രതിവാര ഭാഗ്യക്കുറികൾ തന്നെയാണ് നടത്തിവരുന്നത്. ലോട്ടറികൾ പുനഃസംവിധാനിച്ചതിന് ശേഷം ആദ്യ നറുക്കെടുപ്പ് 10-5-2005-ൽ ആണ് നടന്നത്. പ്രസ്തുത തീയതി മുതൽ പ്രതിമാസ വരുമാനം (വിറ്റുവരവ്) 18.7 കോടി രൂപയാണ്.

ഭാഗ്യക്കുറി ടിക്കറ്റിന് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

38 [217] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി നിരോധിച്ച കാലയളവിൽ സർക്കാരിന് എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ടിക്കറ്റ് വിൽപന ഏജൻസികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) 2005-ലെ കേരള പേപ്പർ ലോട്ടറീസ് (റഗുലേഷൻ) റൂൾസ് പ്രകാരം സംസ്ഥാന/കേന്ദ്ര ഗവൺമെന്റുകളുടെ നിയന്ത്രണത്തിന് വിധേയമായി സാധ്യതയുള്ള വ്യക്തികൾക്കോ, പാർട്ട്ണർഷിപ്പുകൾക്കോ, കമ്പനികൾക്കോ ആണ്, ഭാഗ്യക്കുറി ടിക്കറ്റ് വിൽക്കുവാനുള്ള ഏജൻസി, ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ നൽകുന്നത്. അതിനായി 400 രൂപ ഫീസ് നൽകുകയും, ഫാറം 11-ൽ അപേക്ഷ സമർപ്പിക്കുകയും വേണം. അത്തരത്തിൽ ഏജൻസി ലഭിച്ചവർക്ക് തുടർന്നു വരുന്ന കലണ്ടർ വർഷം അവസാനിക്കുന്നതിനു മുൻപ് 100 രൂപ അടച്ച് ഏജൻസി പുതുക്കാവുന്നതുമാണ്.

കെ. എഫ്. സി.-യിൽനിന്നും ലോൺ കിട്ടുന്നതിനുള്ള മാനദണ്ഡം

39 [218] *ശ്രീ. എ. സുജനപാൽ:*
" *കെ. എ. ചന്ദ്രൻ:*
" *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പ തുക കാലാവധിക്ക് മുൻപ് അടച്ചു തീർക്കുന്നതിനും ഈടുവച്ച് ഭൂമി തിരികെ കിട്ടുന്നതിനും വേണ്ട നടപടിക്രമം വ്യക്തമാക്കാമോ;

(ബി) കെ. എഫ്. സി.യിൽ നിന്നെടുക്കുന്ന വായ്പ കാലാവധിക്കു മുൻപ് അടച്ചു തീർക്കുന്നവർ പ്രീമിയം എന്ന പേരിൽ ഒരു തുക കൂടി അടയ്ക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതെന്തിനെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly